# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് നടപടികൾ

**1 (5062)** ശ്രീ. എം.വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറി വരുന്ന പ്രവണതകൾക്കനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ വിജയശതമാനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP) നടപ്പിലാക്കിയിട്ടുണ്ട്. 2012-13 മുതൽ തെരഞ്ഞെടുത്ത 10 കോളേജുകളെ 'മികവിന്റെ കേന്ദ്രം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പഠനത്തോടൊപ്പം തൊഴിലധിഷ്ഠിത പദ്ധതിയായി കമ്മ്യൂണിറ്റി കോളേജുകളും സ്ഥാപിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി സർക്കാർ 'അസാപ്',(ASAP) walk with a scholar support തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമേ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി G.O.(Rt)No.1968/11/H.Edn dated 3-12-2011 പ്രകാരം, സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ രൂപീകരിച്ചിരുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിന് വേണ്ടി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

G.O. (Rt) No. 217/12/H.Edn. Dated. 31-1-2012

G.O.(Rt) No. 44/13/H.Edn. Dated 11-1-2013

G.O.(Rt) No. 140/13/H.Edn. Dated. 31-1-2013

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ കേന്ദ്രമാനവവിഭവശേഷി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ TEQIP പദ്ധതി നടപ്പാക്കിവരുന്നു.

## ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്ന നടപടി

2 (5063) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിലെയും സ്കൂളുകളിലെയും ലൈബ്രറികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും വാങ്ങണമെന്ന് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പല ഗ്രന്ഥങ്ങളും വാങ്ങാൻ നടപടി സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും കോളീജിയറ്റ് വിദ്യാഭ്യാസ വകുപ്പും ഓരോ കൊല്ലവും വാങ്ങാൻ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വാങ്ങുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കാവശ്യമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 2014-ൽ പുസ്തക സെലക്ഷൻ കമ്മിറ്റി ചേരുകയും പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly